# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.907 12.12.2012-ൽ മറുപടിയ്ക്ക്

**വൈത്തിരി താലൂക്ക് ആശുപത്രിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന്നടപടി**

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി താലൂക്ക് ആശുപത്രിയിൽ കുടിവെള്ളം മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടി ട്ടുണ്ടോ; | (എ) വൈത്തിരി താലൂക്ക് ആശുപത്രിയിൽ ശുദ്ധജലവിതരണം നടത്തുന്നത് ആശുപത്രി അധികൃതർ സ്വന്തമായി നടത്തുന്ന ശുദ്ധ ജല വിതരണ പദ്ധതി മുഖാന്തിരമാണ്. എന്നാൽ ആശുപത്രിയിൽ ശുദ്ധജല വിതരണം മുടങ്ങിയ ഉടനെ തന്നെ ആശുപത്രി അധികൃതരുടെ ആവശ്യപ്രകാരം വാട്ടർ അതോറിറ്റിയുടെ ജല സംഭരണിയിൽ നിന്നും താത്കാലികമായി ജലം വിട്ടു കൊടുത്തിട്ടുണ്ട് . |
| (ബി) കുടിവെള്ള വിതരണം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) ആശുപത്രിയിൽ കുടിവെള്ളം വിതരണം നടത്തുന്നത് വാട്ടർ അതോറിറ്റി അല്ല. എന്നാൽ പമ്പ് സെറ്റ് കേടായതിനാലാണ് കുടിവെള്ള വിതരണം നിലച്ചതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) കുടിവെള്ള വിതരണം പുന: സ്ഥാപിക്കു ന്നതിന് നടപടി സ്വീകരിക്കുമോ? | (സി) വൈത്തിരി താലൂക്ക് ആശുപത്രിയിൽ കുടിവെള്ള വിതരണം നടത്തുന്നത് ആശുപത്രി അധികൃതർ സ്വന്തമായിതന്നെ ആകയാൽ കേരളാ വാട്ടർ അതോറിറ്റിയോട് സഹായം ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ